**HIGHER SECONDARY PLUS TWO (XII) MATHEMATICS BY REMESH CHENNESSERY**

**പ്രിയപ്പെട്ട കുട്ടികളെ,**

അങ്ങനെ നമ്മൾ രണ്ടാം വർഷത്തിലേയ്ക്ക് കടക്കുകയാണ്. വളരെ ശ്രദ്ധവേണ്ടുന്ന വർഷമാണിത്. ചിട്ടയോടും ആത്മാർഥതയോടും കൂടി പഠനത്തെ കൊണ്ടുപോയാൽ മാത്രമേ നാം ആഗ്രഹിക്കുന്ന രീതിയിൽ ഉപരിപഠനം നടത്തുവാനും അതുവഴി ജീവിതവിജയം നേടുവാനും സാധിക്കുകയുള്ളൂ.

**എങ്ങനെ പഠിയ്ക്കണം?**

വളരെ കുറച്ച് പാഠഭാഗങ്ങൾ മാത്രമെ ദിവസവും പരിശീലിക്കാറുള്ളൂ. അതാത് ദിവസം തന്നെ അത് പരിശീലിച്ചാൽ നിസ്സാരമായി ബോർഡ് പരീക്ഷയിൽ ഉയർന്ന മാർക്കും മത്സരപരീക്ഷയിൽ ഉയർന്ന റാങ്കും കരസ്ഥമാക്കാവുന്നതാണ്.

മത്സരപരീക്ഷകൾക്ക് പരിശീലിക്കുമ്പോൾ NCERT പഠഭാഗങ്ങളോടൊപ്പം ഏതെങ്കിലുമൊരു മത്സരപരീക്ഷ പുസ്തകവും കൂടി റെഫർ ചെയ്യേണ്ടതാണ്. ചോദ്യങ്ങൾ വരുന്ന രീതി മനസിലക്കുവാൻ ഇത് സഹായകമാവും. പഠനത്തോടൊപ്പം NCERT TEXT ബുക്കുകൾ വായിക്കാനുള്ള സമയവും കണ്ടെത്തേണ്ടാതാണ്.

ഗണിതശാസ്ത്രം പഠിക്കുന്നതെങ്ങനെയെന്ന് നോക്കാം:

1. ആദ്യമായി അടിസ്ഥാന ഗണിതശാസ്ത്ര തത്വങ്ങൾ മനപ്പാഠമാക്കണം.
2. ഓരോ പാഠത്തിലേയും സമവാക്യങ്ങൾ (EQUATIONS) മനപ്പാഠമാക്കണം.
3. ഞാൻ ചെയ്യുന്ന കണക്ക് ശരിയാണെന്ന് ഉറച്ച് വിശ്വസിക്കണം.

ഒരു ഗണിത വിദ്യാർഥി മേൽ പറഞ്ഞ മൂന്ന് തത്വങ്ങൾ ഉൾകൊണ്ടാണ് ഗണിതശാസ്ത്രം പരിശീലിക്കുന്നതെങ്കിൽ, തീർച്ചയായും അവൻ/ അവൾ സമർത്ഥനായ ഒരു വിദ്യാർഥിയാകും എന്ന് നിസംശയം പറയാവുന്നതാണ്.

കൂടാതെ ഫിസിക്സ്, കെമിസ്ട്രി, കണക്ക് (PCM) എന്നിവ പരസ്പരം പൂരിതങ്ങളാണ്. ഗണിതശാസ്ത്രം ശരിയായി പരിശീലിക്കുന്ന ഒരു കുട്ടിയ്ക്ക് ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങളിൽ ഉയർന്ന മാർക്ക് ലഭിക്കുന്നതാണ്.

**എങ്കിൽ നാം കണക്കിനെ എന്തിന് പേടിക്കുന്നു?**

ചെറിയ ക്ലാസിലായിരിക്കുമ്പോൾ ഗണിതശാസ്ത്രം വളരെ സങ്കീർണമായ വിഷയമാണെന്ന് മാതാപിതാക്കളും ഗുരുക്കന്മാരും പറയുകയും, അതുവഴി ഈ വിഷയം പ്രയാസമായതായി നമ്മുടെ മനസ്സിൽ പതിയുകയും ചെയ്യുന്നു. എന്നാൽ മേൽ പറഞ്ഞ തത്വങ്ങൾ മനസിലാക്കി കണക്കിനെ അഭിമുഖീകരിക്കുന്ന കുട്ടിക്ക് കണക്ക് ഏറ്റവും എളുപ്പമുള്ള വിഷയമായിവരുന്നു .

ഓരോ പാഠത്തിലേയും പ്രധാനപെട്ട സമവാക്യങ്ങളും ആശയങ്ങളും പറഞ്ഞുതരുന്നതിനോടൊപ്പം പ്രധാനപെട്ട ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളും ഓരോ MODULE-കൾ ആയി നല്കുന്നതാണ്. അവ നല്ലതുപോലെ പ്രാക്ടീസ് ചെയ്തശേഷം NCERT TEXT ലെ EXAMPLE-കളും EXERCISE-ഉം ചെയ്തുനോക്കണം. സംശയങ്ങൾ ക്ലാസ്സിലെ MATHS ടീച്ചറുമായി ചോദിച്ചുമനസിലക്കേണ്ടതാണ്. എന്നിട്ടും മനസിലാകാതെ വന്നാൽ എന്നോട് ചോദിച്ചാൽ പറഞ്ഞുതരുന്നതാണ്.

Let us start with 3rd chapter – Matrices. Read the capsule note carefully, and do all the problems including examples.

Wish you all the best!!

Remesh sir.

HSSLiVE.IN